# ടൂറിസം വികസനവും ലൈംഗിക വ്യാപാരവും

കിഷോർ

**കേരളത്തിലിന്ന്** ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നത് ലൈംഗീകവ്യാപാരത്തെ സംബന്ധിച്ചാണ്. ഭരണതലത്തിലുള്ള ഉന്നതന്മാരടക്കം വ്യവസായികളും, വ്യാപാരികളും മറ്റു ഉൾപ്പെടുന്ന പെൺവാണിഭകേസ്സുകൾ കൂടുതൽ പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ഭൂരിഭാഗവും 17 വയസ്സിന് താഴെ മാത്രം പ്രായമുള്ള പെൺകുട്ടികളാണ് ഇരകളാകുന്നത്. നല്ല ജോലി, ഭാവി, കുടുംബസാഹചര്യം തുടങ്ങിയ പ്രലോഭനങ്ങളും



അക്രമാസക്തമായ ഭീഷണിയും കൊണ്ടാണ് പെൺകുട്ടികളെ ഈ വിധം കെണിയിലകപ്പെടുത്തുന്നത്. പലപ്പോഴും പ്രണയം നടിച്ചുകൊണ്ടുള്ള കെണിയാണ് പല കുട്ടികൾക്കും വിനയായിരിക്കുന്നത്. ഇതിന് വേണ്ടി അതിവിപുലമായ നെറ്റ് വർക്കോട് കൂടിയ സംഘങ്ങൾ കേരളത്തിൽ വ്യാപകമായി കഴിഞ്ഞു. ഇടത് വലത് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ രഹസ്യമായ പിന്തുണ ഇതിന് കരുത്തേകുന്നുണ്ട്. ഇടത് പക്ഷത്തുണ്ടായിരുന്ന നീല ലോഹിദാസനാടാരുടെ കാര്യത്തിലും, വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടിയുടെ കാര്യത്തിലും ഏകദേശം നിർഗുണമായ നിലപാടുകളാണ് ഇരുപക്ഷവും എടുത്തതെന്ന് ഈ കാര്യം തെളിയുന്നു.

സമൂഹത്തിലെ ഉന്നതരാൽ നിയന്ത്രിക്കപ്പെടുന്ന ലൈംഗീക വ്യാപാരം, നിയമവിരുദ്ധമായ പശ്ചാത്തലത്തിൽ നിന്ന് നിയമവിധേയമാക്കപ്പെട്ടതോ സാമൂഹിക അംഗീകാരത്തോട് കൂടിയതോ ആയ പശ്ചാത്തലത്തിലേക്ക് പ്രവേശിക്കുന്നതിന്റെ രാസ പ്രതിഫലനമാണ് ഇന്ന് നാം കാണുന്നത്.

ലിംഗവ്യത്യാസമില്ലാതെ 10 വയസ്സിന് താഴെ മാത്രം പ്രായമുള്ള കുട്ടികളെ ഉപയോഗിച്ചുകൊണ്ട് നടത്തുന്ന ലൈംഗീക വ്യാപാരവും, സ്ത്രീകളെ ഉപയോഗിച്ചുകൊണ്ട് നടത്തുന്ന വ്യാപാരവും പൊതുവേ വിശേഷിപ്പിക്കപ്പെടുന്നത് "പെൺവാണിഭമെന്ന" സംജ്ഞകൊണ്ടാണ്. ഏതെങ്കിലും പത്രങ്ങളോ, ദൃശ്യമാധ്യമങ്ങളോ സൃഷ്ടിച്ച നിർവചനത്തിനപ്പുറം പെൺവാണിഭമെന്ന വാക്ക് തീർച്ചയായും അറിഞ്ഞോ, അറിയാതെയോ അതിന്റെ ആന്തരിക സത്ത വെളിപ്പെടുത്തുന്നുണ്ട്. രാജ്യത്തെ ഉൽപാദനബന്ധങ്ങളുടെയും ഉൽപാദനശക്തികളുടെയും സാമൂഹ്യപദവിയെ സംബന്ധിച്ച്, പ്രത്യേകിച്ച് സ്ത്രീകളുടെ പദവിയെ, സംബന്ധിച്ച് കാലങ്ങളായി നിലനിൽക്കുന്ന ചിന്തതന്നെയാണ് കൂടുതൽ പ്രബലമായിരിക്കുന്നത്.

സ്ത്രീയെ അടിമയായി കണക്കാക്കുന്ന പൗരാണിക കാലഘട്ടത്തിലും ചരക്കായോ, ഉപഭോഗവസ്തുവായോ കണക്കാക്കുന്ന ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിലും, സ്ത്രീ പ്രതിനിധാനം ചെയ്യുന്നത് ചൂഷണത്തിനും, അടിമത്തത്തിനും വിധേയമാക്കപ്പെട്ടവൾ എന്ന നിലക്കാണ്. ഈ പരിഗണന തന്നെയാണ് ലൈംഗിക വ്യാപാരമായും, പെൺവാണിഭമായും ഉയർന്നുവന്നിരിക്കുന്നത്. സ്ത്രീനഗ്നതയേയും, സ്ത്രീ ശരീരത്തേയും ഉൽപ്പന്നമായി പരിവർത്തിപ്പിക്കുക എന്നത് സാമ്രാജ്യത്ത കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ആഗോളവത്ക്കരണത്തിന്റെ കാലഘട്ടത്തിൽ ഇതിന്റെ തോത് അനിയന്ത്രിതാവസ്ഥയിൽ എത്തിയിരിക്കുകയാണ്.

കുത്തക കമ്പനികളുടെ പരസ്യങ്ങളിൽ സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിച്ചും, ഫേഷൻ ഷോകളെന്ന പേരിലും, സൗന്ദര്യമത്സരമെന്ന പേരിലും സ്ത്രീശരീരം പ്രദർശനത്തെ മാന്യമാക്കുന്നതിലും, അതുവഴി സ്ത്രീശരീരത്തെ ചരക്കാക്കി പരിവർത്തിപ്പിക്കുവാൻ സാമ്രാജ്യത്ത മൂലധനത്തിന് കഴിഞ്ഞിട്ടുണ്ട്.

ആദ്യകാലഘട്ടത്തിൽ കുത്തക ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതയ്ക്കായി ഉപയോഗിച്ചിരുന്ന ഈ തന്ത്രം, സ്ത്രീശരീരത്തെ ഉൽപ്പന്നമാക്കി വിൽക്കുകയെന്ന വിപണന തന്ത്രത്തിലാണ് എത്തിനിൽക്കുന്നത്. മൂന്നാം ലോകരാജ്യങ്ങളിലെ കാർഷിക-വ്യവസായിക സമ്പദ്ഘടന തകർത്ത ആഗോളമൂലധനം സ്ത്രീശരീരത്തെ വിൽപ്പനച്ചരക്കാക്കുന്നതിനും, ചൂഷണം ചെയ്യുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുവേണ്ടിയാണ് ലോകബാങ്കിന്റേയും, മറ്റു സാമ്രാജ്യത്വ ലോകരാജ്യങ്ങളിൽ ഉൽപ്പാദന മേഖലകൾക്ക് പകരം ടൂറിസത്തെയും, സെക്സ് ടൂറിസത്തെയും മുന്നോട്ടുവെയ്ക്കുന്നത്. ആഗോളമായി ചിന്തിക്കുക, പ്രാദേശികമായി പ്രവർത്തിക്കുക (Think Globely Act Locally) എന്ന മുദ്രാവാക്യം മുന്നോട്ട് വെച്ചതും ഇതിന്റെ ഭാഗമായാണ്.

ആഭ്യന്തര-വൈദേശിക കടക്കെണിയിലും, വ്യാപാര തകർച്ചയിലും പെട്ടുകിടക്കുന്ന പല രാജ്യങ്ങളുടെയും, വിദേശ വിനിമയവും,

നിക്ഷേപവും നേടിയെടുക്കുന്നതിനുള്ള ഏക പ്രതീക്ഷയായി ടൂറിസത്തെ അവതരിപ്പിക്കുന്നതിൽ സാമ്രാജ്യത്വ മൂലധനം കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ വിജയം വരിച്ചിരുന്നു.

1998-ൽ WTTC (World Travel & Tourism Chain....) പ്രസിഡണ്ട് ജോഫി ലിപ്നൻ (Geophn Lipnan) മൂന്നാംലോകരാജ്യങ്ങൾ അവിടുത്തെ സാമ്പത്തിക വികാസത്തിന് വേണ്ടി കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശിക്കുകയുണ്ടായി. അതിലൊന്ന് സാമ്പത്തിക വികാസത്തിനും, തൊഴിൽ ലഭ്യതയ്ക്കും ആവശ്യമായി തന്ത്രപരമായ നയമായി വിനോദസഞ്ചാരത്തെയും, ടൂറിസത്തെയും മൂന്നാംലോക രാജ്യങ്ങളിലെ ഗവൺമെന്റുകൾ സ്വീകരിക്കണമെന്നാണ്. മറ്റൊന്ന് ടൂറിസം രംഗത്ത് സ്വതന്ത്രവും, മത്സരാധിഷ്ഠിതവുമായ കമ്പോളത്തെ ഉറപ്പുവരുത്തണമെന്നാണ്. വ്യോമ ഗതാഗതത്തെ സ്വതന്ത്രമാക്കിക്കൊണ്ടും, അന്താരാഷ്ട്രതലത്തിൽ ടെലി കമ്മ്യൂണിക്കേഷൻ നിയന്ത്രണങ്ങൾ നീക്കിക്കൊണ്ടും ടൂറിസം വികസനത്തിന് നേരെയുള്ള തടസങ്ങൾ നീക്കണമെന്നതിലാണ് ലിപ്മാൻ ഊന്നുന്നത്. ഇതിനൊക്കെ പുറമേ റോഡുകൾ - എയർ പോർട്ടുകൾ നവീകരിച്ചുകൊണ്ട് ആന്തരിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. ഓരോ രാജ്യത്തിന്റേയും ആഭ്യന്തര സുരക്ഷയെ പോലും ഗുരുതരമായി ബാധിക്കുന്ന ഇത്തരം നിർദ്ദേശങ്ങൾ രാജ്യാന്തര കുത്തകകളുടെ താൽപ്പര്യത്തെ മാത്രമാണ് പ്രതിനിധീകരിച്ചത്.

പ്രാദേശിക ടൂറിസം മേഖലയിൽ നിലനിന്നിരുന്ന ചില എയർപോർട്ടുകൾ ഏറ്റെടുക്കുന്നതിനും, തായ് എയർലൈൻസിന്റെ 25 ശതമാനം ഓഹരി എടുക്കുന്നതിനും ബ്രിട്ടീഷ് എയർവേസ് താൽപ്പര്യം പ്രകടിപ്പിച്ചപ്പോൾ മൂന്നാംലോക രാജ്യങ്ങൾക്കുള്ള മാതൃകയായി ഉയർത്തികാണിച്ചുകൊണ്ട് വമ്പിച്ച കാമ്പയിനായി ഉയർത്തിവിട്ടത്. ഇത്തരം കാമ്പയിനുകൾ ഉയർത്തിവിടുന്നതിനും മറ്റും രാജ്യാന്തര കുത്തകകൾക്ക് പ്രാതിനിധ്യമുള്ള വേൾഡ് ബാങ്ക്, യു.എൻ.ഏജൻസികൾ, ടൂറിസം സംഘടനകൾ, രാജ്യാന്തര കുത്തകകൾ പോലുള്ള സാമ്രാജ്യത്ത സംഘടകളാണ്.

ഇതിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ വിനോദ സഞ്ചാരത്തേയും, ഹോട്ടൽ ടൂറിസത്തേയും, സെക്സ് ടൂറിസത്തേയും കേന്ദ്രീകരിച്ചു നിൽക്കുന്നതും, മത്സരാധിഷ്ഠിതവുമായ വ്യവസായമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് ആഗോളവൽക്കരണ നയങ്ങളും WTO, GATT സഹായകരമായിട്ടുണ്ട്.

ടൂറിസത്തിന്റെ അവിഭാജ്യഘടകമായി വേശ്യാവൃത്തിയെ മാറ്റിത്തീർക്കുന്നതിനുവേണ്ടി രാജ്യാന്തരകുത്തകകൾ മുൻകയ്യെടുത്ത് നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്തത്. ഇതിന്റെ ഭാഗമായി മൂന്നാംലോക രാജ്യങ്ങളിൽ നിയമവിരുദ്ധമായിരുന്ന വേശ്യാവൃത്തിയെ നിയമവിധേയമാക്കാനുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടത്തി. മാത്രമല്ല, വേശ്യാവൃത്തി ചെയ്തിരുന്ന സ്ത്രീകളെ തൊഴിലാളികളായി അംഗീകരിക്കണമെന്ന വാദം വിവിധ വളണ്ടറി ഏജൻസികളെക്കൊണ്ട് ഉയർത്തിക്കൊണ്ടുവന്നു. ഇതിന്റെ ഭാഗമായാണ് ഇന്ത്യയിലടക്കം ലോകത്തെമ്പാടും ലൈംഗീക തൊഴിലാളികളുടെ സംഘടനകൾ രാജ്യാന്തരകുത്തകകളുടെ മുൻകയ്യിൽ തന്നെ രൂപം കൊണ്ടത്. കേരളത്തിലും ഇത് വിവിധ ഫണ്ടിംഗ് ഏജൻസികളാൽ നിർവ്വഹിക്കപ്പെട്ടു.

വളരെ കാലങ്ങളായി വേശ്യാവൃത്തി ഇവിടെ നിലനിൽക്കുന്നുണ്ടെന്നും, വേശ്യാവൃത്തി തുടരുന്ന സ്ത്രീകളെ ലൈംഗീക തൊഴിലാളികളായി അംഗീകരിക്കണമെന്നും, അതുവഴി തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ സംരക്ഷണവും അവർക്ക് ലഭിക്കണമെന്നുമായിരുന്നു അവരുടെ ആവശ്യം. (വേശ്യാവൃത്തിയിലേർപ്പെടുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കാനും, അവർ ഈ രംഗത്തേക്ക് വരാനുണ്ടായ സാഹചര്യത്തിനെതിരെ സമരം ചെയ്യാനും ഈ സംഘടനകൾ ചെറിയ പ്രചാരവേല പോലും നടത്തിയില്ല എന്നത് അവരുടെ ഉദ്ദേശ്യത്തെ വ്യക്തമാക്കുന്നു.) മറ്റു തൊഴിലുകളെ പോലെ വേശ്യാവൃത്തിയെ തൊഴിലായി അംഗീകരിക്കുന്ന സമൂഹമനസ്സ് സൃഷ്ടിക്കപ്പെടുമ്പോൾ കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനാണ് ഇത്തരം സംഘടനകൾ കണക്ക് കൂട്ടിയത്. ഇതുമൂലം ടൂറിസ്റ്റ് / ഹോട്ടൽ വ്യവസായത്തിന്റെ വ്യാപ്തി വർദ്ധിക്കുമെന്നാണ് രാജ്യാന്തര കുത്തകകൾ ആഗ്രഹിച്ചതും.

1998-ൽ സെക്സ് ടൂറിസത്തിന്റെ അനന്തര സാധ്യതയെക്കുറിച്ച് ഗ്ലാഡ്ഗോ കാലിഡോണിയൻ യൂണിവേഴ്സിറ്റിയിൽ അനിത പ്ലിമറോം അവതരിപ്പിച്ച (A Sustainable World Through Prostitution) എന്ന പേപ്പറിൽ സെക്സ് ടൂറിസം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുമെന്നും, ഇതിലൂടെ വരുന്ന സമ്പത്ത് ഗ്രാമീണ പ്രദേശങ്ങളിലേയ്ക്കും, താഴെ തട്ടിലേയ്ക്കും വിതരണം ചെയ്യപ്പെടുമെന്നും, ഇത് വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം പോലുള്ള പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുമെന്നും അവകാശപ്പെടുന്നു.

ലൈംഗീക തൊഴിലുകളും, ഉപഭോക്താക്കളും തമ്മിലുള്ള പ്രണയത്തിലൂന്നിയുള്ള വിനിമയം മറ്റു മേഖലകളിൽ നിന്ന് വ്യത്യസ്തമായി സമാധാനപരമായി ഒരു വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുമെന്നും അവർ പറഞ്ഞുവെക്കുന്നു. ഇത്തരത്തിൽ സാമൂഹിക-സാമ്പത്തിക വികാസത്തിന് മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെന്നാണ് അവർ സമർത്ഥിക്കുന്നത്.

ഇതൊക്കെ തന്നെയാണ് "ലൈംഗീകത" എന്ന വാക്ക് ഒഴിച്ചു നിർത്തിക്കൊണ്ട് കേരളസർക്കാരും സമർത്ഥിക്കുന്നത്. ഇത്തരമൊരു വികസനത്തിന്റെ അടിസ്ഥാനസൗകര്യമൊരുക്കുന്ന തിരക്കിലാണ് സർക്കാരിപ്പോൾ. എക്സ്പ്രസ്സ് ഹൈവേ പോലുള്ള പദ്ധതികളും, റോഡ് വികസനവും എല്ലാം ഇതിന്റെ ഭാഗമാണ്. ഗ്രാമങ്ങളിൽ പട്ടണ പ്രാന്തങ്ങളിലും യാതൊരു നിയന്ത്രണവുമില്ലാതെ ആയുർവേദ റിസോർട്ടുകളും, മസാജ് സെന്ററുകളും, ബിയർ പാർലറുകളും സ്ഥാപിക്കുന്നതും ഈ ലക്ഷ്യത്തിലെത്തിക്കുന്നതിനുവേണ്ടിയാണ്. ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിലെ പെൺവാണിഭങ്ങളെ നോക്കിക്കാണാൻ.

കേരളത്തിലെ പെൺവാണിഭക്കേസ്സുകൾ ചർച്ചചെയ്യപ്പെടുന്നത് സാമാന്യമായി സ്ത്രീവിരുദ്ധതയിൽ ഊന്നിക്കൊണ്ടാണ് എല്ലാറ്റിനും സമ്മതിച്ചു കൊടുത്തിട്ട് പിന്നീട് വെളിപ്പെടുത്തൽ നടത്തി താത്രികുട്ടിമാരാകുന്നത് മാന്യന്മാരെ അവഹേളിക്കുന്നതിനും,

സാമ്പത്തിക ലാഭത്തിനുമാണെന്ന വാദം പ്രബലമായിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ വെളിപ്പെടുത്തുന്ന സ്ത്രീകൾക്കെതിരെയും, കേസ് എടുക്കണമെന്ന ആവശ്യം പലകോണിൽ നിന്നുയർന്നുവരുന്നുണ്ട്. അങ്ങനെ സ്ത്രീകൾ നേരിടുന്ന നഗ്നമായ ഈ അടിമത്തത്തെ അവരുടെ തന്നെ പ്രശ്നമായി അവതരിപ്പിക്കുന്നതിൽ പലവിഭാഗങ്ങളും വിജയിച്ചിട്ടുണ്ടെന്ന് വേണം കരുതാൻ.

കേരളത്തിലെ പുരുഷാധിപത്യത്തിലൂന്നിയ സ്ത്രീ വിരുദ്ധ ചിന്താധാര ഇത്തരം വാദമുഖങ്ങളെ പെട്ടന്നു തന്നെ സ്വീകരിക്കുന്നുണ്ട്. കിളിരൂർ കേസിലും, കോഴിക്കോട് ഐസ്ക്രീം പാർലർ കേസിലും ഇതുതന്നെയാണ് കണ്ടത്. അതുകൊണ്ടാണ് ഇതിനെതിരെ ഭരണവർഗ്ഗരാഷ്ട്രീയപ്രസ്ഥാനങ്ങൾ എടുക്കേണ്ട ശക്തമായ നിലപ അവർക്ക് എടുക്കാൻ കഴിയാതെ പോയത്.

ബ്രിട്ടണിലെ സാറെ യൂണിവേഴ്സിറ്റിയിലെ സോഷ്യോളജി ലക്ച്ചർ ആയ കേവൻ ബെയ്ൽസ് പറയുന്നതുപോലെ സ്ത്രീകൾ നേരിടുന്ന ഭീഷണി മുതലാളിത്ത വ്യവസ്ഥയിൽ സമൂഹത്തിലും, കുടുംബത്തിലും നേരിടുന്ന ചൂഷണത്തേക്കാൾ പതിന്മടങ്ങ് ശക്തമായതും, നഗ്നമായ അടിമത്വത്തിന്റേതുമാണ്. ഇരുന്നൂറ് വർഷം മുൻപ് അറ്റ്ലാന്റിക് അടിമവ്യാപാരം പോലെ, നിയമപരമായ ഉടമാവകാശം ഒരു വ്യക്തിയുടെ മേൽ മറ്റൊരുവ്യക്തിക്ക് നിലനിൽക്കുന്നതാണ് അടിമത്വമെന്ന് ധരിക്കുന്നുണ്ടെങ്കിൽ ആധുനിക അടിമത്വം ഒരിക്കലും ഉടമാവകാശങ്ങൾ കേന്ദ്രീകരിച്ചല്ല. മറിച്ച്, അഴിമതിക്കാരായ ഭരണാധികാരികളുടെ തണലിൽ കഴിയുന്ന സാമൂഹ്യവിരുദ്ധരായ ക്രിമിനൽ സംഘങ്ങളുടെ വയലൻസിന്റേയും, പ്രലോഭനത്തിന്റേയും മറവിലാണെന്നുമാത്രം. കേവിൻ ബെയ്ൽസ് സൂചിപ്പിക്കുന്നപോലെ എല്ലാ രാജ്യങ്ങളിലും സ്ത്രീകളെ നേരിട്ടുള്ള അടിമത്വത്തിന് വിധേയമാക്കുന്ന ലൈംഗിക വ്യാപാരലോബികളും, സാമൂഹ്യവിരുദ്ധരും, സർക്കാരും, രാജ്യാന്തരകുത്തകകളും ചേർന്ന കൂട്ടുകെട്ടാണ്.

*ജനശക്തി മാസിക - സി.പി.ഐ. (എം.എൽ.) ഡിസംബർ 2004*

● **നിലപാട്**

**സെക്സ് ടൂറിസം വരുന്നുവെന്ന് പറഞ്ഞ് ആശങ്കപ്പെടുന്നവർക്കും, ടൂറിസം വിനാശത്തിനെന്ന് കരുതുന്നവർക്കും ഒരു വിയോജനക്കുറിപ്പ്**

# സെക്സ് ടൂറിസം കേരളത്തിന് ഭീഷണിയല്ല

ഐ. ഗോപിനാഥ്

ചില പ്രശ്നങ്ങളുണ്ടാക്കുകയും ആശങ്കപ്പെടുകയും ചെയ്യുന്നതുപോലെ സെക്സ് ടൂറിസം എന്നൊരു പ്രശ്നം കേരളത്തിലല്ല. തായ്ലന്റ് പോലെ കേരളമാകും എന്ന് പറയുന്നത് കഴമ്പുള്ള വാദമല്ല. ഓരോ രാജ്യത്തിനും വ്യത്യസ്തമായ സംസ്കാരങ്ങളാണുള്ളത്. ടൂറിസം സാധ്യതകൾ അതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. കേരളത്തിന്റെ സാമൂഹിക പശ്ചാത്തലം സാധ്യതകളൊന്നുമില്ല. വിദേശി ടൂറിസ്റ്റുകൾ കേരളത്തിലെത്തി നമ്മുടെ ലൈംഗിക സ്വാതന്ത്ര്യത്തിനുമുകളിൽ കടന്നുകയറ്റങ്ങളൊന്നും നടത്തിയിട്ടില്ല. വിദേശി ടൂറിസ്റ്റുകളെ മലയാളികളാണ് ലൈംഗികമായി കൂടുതൽ അക്രമിച്ചിട്ടുള്ളത്. അത്തരം നിരവധി പ്രശ്നങ്ങൾ തദ്ദേശീയരുടെ ഭാഗത്തുനിന്നും ടൂറിസ്റ്റുകൾക്ക് കേരളത്തിൽ എപ്പോഴും നേരിടേണ്ടതായി വരുന്നുണ്ട്. കോവളത്ത് നടന്നിട്ടുള്ള ചില കല്യാണങ്ങളെയാണ് ഇവർ സെക്സ് ടൂറിസമായി വ്യാഖ്യാനിക്കുന്നത്. പക്ഷെ കോവളത്ത് വിവാഹം കഴിച്ച വിദേശികളെല്ലാം അവരെ ഭാര്യമാരായി അംഗീകരിക്കുന്നവരാണ്. അവരെ കാണാനായി അവർ എല്ലാ വർഷവും വരാറുണ്ട്, പണമയയ്ക്കാറുമുണ്ട്. തദ്ദേശീയർക്കാർക്കും ഇതിൽ പ്രശ്നങ്ങളുമില്ല. ഇതിനെ സെക്സ് ടൂറിസമെന്ന് പറയുന്നുണ്ടെങ്കിൽ ചികിത്സ വേണ്ടത് അവർക്കു തന്നെയാണ്. ലൈംഗികതയെ താത്പര്യങ്ങൾ തടഞ്ഞുനിർത്താൻ പറ്റുന്ന



കാര്യമല്ല എന്നത് നഗ്നമായ സത്യമാണ്. അതിനാൽ അത് സംഭവിച്ചുകൊണ്ടേയിരിക്കും.

ടൂറിസം മനോഹരമായ ഒരു സങ്കല്പം തന്നെയാണ്. വ്യത്യസ്തങ്ങളായ അടുത്തിടപഴകാൻ കഴിയുന്നതും വലിയ കാര്യം തന്നെയാണ്. നമ്മുടെ പൈതൃകങ്ങളെയും സംസ്കാരങ്ങളെയും മനസ്സിലാക്കാൻ ശേഷിയുള്ളവരാണ് ഇവിടെയെത്തുന്ന വിദേശ ടൂറിസ്റ്റുകൾ. സ്വദേശികളായ ടൂറിസ്റ്റുകളാണ് ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേറെയും സൃഷ്ടിക്കുന്നത്. പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്നതിലെല്ലാം മുൻപന്തിയിൽ മുഖ്യ പ്രശ്നങ്ങൾ വൻകിട ഹോട്ടൽ റിപ്പോർട്ട് ലോബികളാണ്. വലിയ രീതിയിൽ അവർ കേരളത്തിലെമ്പാടും ഭൂമി കൈയേറ്റങ്ങൾ നടത്തിയിട്ടുണ്ട്. അവരെയാണ് നിയന്ത്രിക്കേണ്ടത്.

മലയാളിയുടെ സ്വഭാവമാണ് അടിസ്ഥാനപരമായി മാറേണ്ടത്. മാറ്റത്തെ മലയാളി ഭയപ്പെടുന്നു. പുതിയ ചിന്തകളെയും ആശയങ്ങളെയുമെല്ലാം നമ്മൾ ഭയപ്പെടുന്നു. ആ ഭയത്തെ തിരിച്ചറിയുകയാണ് വേണ്ടത്, തിരിഞ്ഞോടുകയല്ല.

ജനസാന്ദ്രതയുള്ളതിനാൽ ഭൂമി കേന്ദ്രീകൃതമായ വ്യവസായങ്ങൾക്ക് കേരളത്തിൽ തീരെ സാധ്യതയില്ല. ഊർജ്ജ പ്രതിസന്ധികാരണം കറണ്ട് അധികമായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്കും കേരളത്തിൽ നിലനിൽപ്പ് പ്രയാസമാണ്. അപ്പോൾ സുസ്ഥിരമായ രീതിയിൽ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതും വരുമാനമുണ്ടാക്കാൻ കഴിയുന്നതുമായ ഏക വ്യവസായം ടൂറിസമാണ്.

ഹോംസ്റ്റേ പോലെയുള്ള സംവിധാനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി സാധാരണ ജനങ്ങൾക്കും ടൂറിസത്തിന്റെ ഭാഗമായുള്ള വരുമാനം ലഭിക്കാൻ സാധിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കണം. വിമാനത്താവളത്തിൽ വന്നിറങ്ങുന്ന ടൂറിസ്റ്റുകളെ ടൂർ ഓപ്പറേറ്റർമാർ നേരിട്ട് കൊണ്ടുപോകുന്ന സ്ഥിതിയാണിന്നുള്ളത്. ഇന്റർനെറ്റ് വഴി അറിഞ്ഞ് വരുന്ന ടൂറിസ്റ്റുകൾ കൂടുതലായതിനാൽ പലപ്പോഴും അവർ വൻകിട ടൂർ ഓപ്പറേറ്റർമാരുടെ പിടിയിലാവുകയാണുണ്ടാകുന്നത്. അടിസ്ഥാനപരമായി ഇതിനെല്ലാം മാറ്റങ്ങൾ വരുകയാണ് വേണ്ടത്. സെക്സ് ടൂറിസം എന്ന് മുറവിളി കൂട്ടുകയല്ല.